# പതിനാലാം കേരള നിയമസഭ
## പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2480** **07/02/2019-ൽ മറുപടിയ്ക്ക്**

### കേരളാ ബാങ്ക് രൂപീകരണ നിർദ്ദേശങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ വായ്പേതര സഹകരണ സംഘങ്ങളെയും കേരളാ ബാങ്കിൽ ഉൾപ്പെടുത്തണമെന്ന നബാർഡ് നിർദ്ദേശം പ്രായോഗികമല്ലാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ) | കേരള ബാങ്ക് രൂപീകരണം സംസ്ഥാന സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പൂർത്തീകരിക്കണമെന്നാണ് ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലെ സഹകരണ നിയമ പ്രകാരം വായ്പേതര സംഘങ്ങൾ ജില്ലാ ബാങ്കുകളുടെ നോമിനൽ/അസ്സോസിയേറ്റ് മെമ്പർമാർ മാത്രമാണ്. ഇവരെ അതേ സ്റ്റാറ്റസിൽ തന്നെ കേരള ബാങ്കിൽ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | വായ്പേതര സഹകരണ സംഘങ്ങൾക്കെല്ലാം ഇപ്പോൾ അപ്പെക്സ് ഫെഡറേഷനുകൾ നിലവിലുണ്ടോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ വകുപ്പിൻ കീഴിൽ വായ്പേതര സംഘങ്ങളിൽ പലവക സംഘങ്ങളുടേതൊഴികെ മറ്റ് സംഘങ്ങൾക്ക് അപ്പക്സ് ഫെഡറേഷനുണ്ട്. അവ ചുവടെ ചേർക്കുന്നു.<br><br>1) Kerala State SC/ST Federation<br>2) Kerala State co-op. Marketing Federation<br>3) Kerala State Rubber Marketing Federation<br>4) Kerala State co-op. Consumer Federation<br>5) Kerala State co-op. Housing Federation<br>6) Kerala State co-op. Hospital Federation<br>7) Kerala State Women co-op. Federation<br>8) Kerala State Cooperative Labour Federation<br>9) Kerala State Tourism Federation |

| | | | |
|---|---|---|---|
| | | | കൂടാതെ ഫങ്ഷണൽ രജിസ്ട്രാർമാരുടെ കീഴിലുള്ള മിൽക്ക്, ഹാന്റ് ലൂം, കയർ, ഫിഷറീസ്, ടെക്സ്റ്റയിൽ തുടങ്ങിയ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രത്യേകം ഫെഡറേഷനുകൾ നിലവിലുണ്ട്. |
| (സി) | റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, നബാർഡ് നിർദ്ദേശമനുസരിച്ചുള്ള വ്യവസ്ഥകൾ ആരാഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**